# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3238 | 11.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## കാർഷിക വരുമാനത്തിന് നികുതി ഏർപ്പെടുത്തുമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കാർഷിക വരുമാനത്തിന് നികുതി ഏർപ്പെടുത്തുമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കാർഷിക നികുതി ഏർപ്പെടുത്തൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിൽ 46-ാം എൻട്രിയാണ് കാർഷികാദായ നികുതി. ചരക്ക സേവന നികുതി നടപ്പിലാക്കുന്നതിനായി ഭരണഘടനാ ഭേദഗതി [The Constitution (One Hundred and First Amendment) Act, 2016] വരുത്തിയപ്പോഴും ഇതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ, കാർഷികാദായ നികുതി ഏർപ്പെടുത്തൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണ്. |
| (സി) | കാർഷിക വരുമാനം കർഷകരെ സംരക്ഷിക്കാനുള്ളതാണെന്ന വസ്തുത മനസ്സിലാക്കി കാർഷിക നികുതി ചുമത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുന്നതിനായി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു; ഇനി എന്തൊക്കെ നടപടികൾ കർഷകരെ സഹായിക്കാൻ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ